## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3322 | 14.07.2015-ലെ മറുപടിയ്ക്ക് |
|---|---|

### ചരക്ക് സേവന നികുതി നടപ്പാക്കാനുള്ള പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ടി.എൻ. പ്രതാപൻ<br>,, പി.എ.മാധവൻ<br>,, ഹൈബി ഈഡൻ<br>,, എ.പി.അബ്ദുള്ളക്കുട്ടി | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ചരക്ക് സേവന നികുതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചരക്ക് സേവന നികുതി സംബന്ധിച്ച് 122-ാം ഭരണഘടനാ ഭേദഗതി ഇപ്പോൾ രാജ്യസഭയുടെ പരിഗണനയിലാണ്. കേരളം ചരക്ക് സേവന നികുതി സമ്പ്രദായത്തെ പിന്തുണക്കുന്നു. |
| (ബി) | നികുതി ഘടനയിൽ എന്തെല്ലാം മാറ്റങ്ങളാണ് ഇത് വഴി ഉണ്ടാകുന്നത് ; | (ബി) | ചരക്ക് സേവന നികുതി നിലവിൽ വരുന്നതോടുകൂടി കേന്ദ്ര നികുതികളായ എക്സൈസ് ഡ്യൂട്ടി, അധിക എക്സൈസ് ഡ്യൂട്ടികൾ, സേവന നികുതി, കൗണ്ടർവെയിലിംഗ് ഡ്യൂട്ടി എന്നറിയപ്പെടുന്ന അധിക കസ്റ്റംസ് ഡ്യൂട്ടി, സെസ്സ് മുതലായവയും സംസ്ഥാന നികുതികളായ മൂല്യവർദ്ധിത നികുതി വില്പന നികുതി (ഭാഗികമായി), തദ്ദേശസ്ഥാപനങ്ങളിൽ കൂടിയല്ലാതെ പിരിച്ചെടുക്കുന്ന വിനോദ നികുതി, ആഡംബരനികുതി, ലോട്ടറി, ചൂതാട്ടം, പന്തയം എന്നിവയിന് മേലുള്ള നികുതി, ചരക്കുകളുടേയും സേവനങ്ങളുടേയും വിതരണവുമായി ബന്ധപ്പെട്ട സംസ്ഥാന സെസ്സുകൾ, സർചാർജ്ജുകൾ എന്നിവ ചരക്ക് സേവന നികുതിയിൽ സംയോജിക്കപ്പെടും. |

| | | | |
|---|---|---|---|
| (സി) | ചരക്ക് സേവന നികുതി നടപ്പാക്കുമ്പോൾ നികുതി വരുമാനത്തിൽ എന്തെങ്കിലും കുറവ് വരുമെന്ന് കരുതുന്നുണ്ടോ ; | (സി) & (ഡി) | ചരക്ക് സേവന നികുതി നിലവിൽ വരുമ്പോൾ സംസ്ഥാനങ്ങൾക്ക് സേവന മേഖലയിൽ നികുതി ചുമത്താമെന്നുള്ളതുകൊണ്ടും ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനത്ത് നികുതി ലഭിക്കുന്ന സമ്പ്രദായമായതിനാലും പ്രധാനമായും ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നികുതി വരുമാനത്തിൽ കുറവ് വരുമെന്ന് കരുതുന്നില്ല. എന്നാൽ ആദ്യ 5 വർഷക്കാലം വരുമാന നഷ്ടം ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്. ഈ നഷ്ടം പൂർണ്ണമായും കേന്ദ്രം നികത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. കൃത്യമായി പരിശോധിക്കപ്പെടുന്ന ഒരു സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ മാസവും പ്രത്യേക ഗ്രാന്റായി ഈ നഷ്ട പരിഹാരം സംസ്ഥാനങ്ങൾക്ക് നല്കും എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. കൂടാതെ വാറ്റ് നടപ്പിലാക്കിയപ്പോൾ കോമ്പൻസേഷൻ സമ്പ്രദായത്തിലുണ്ടായ അപാകതകൾ ആവർത്തിക്കാതിരിക്കുവാനായി ജി.എസ്.ടി കോമ്പൻസേഷൻ കേന്ദ്രവും സംസ്ഥാനങ്ങളും ഉൾപ്പെട്ട ഒരു സമിതി നിശ്ചയിക്കേണ്ടതാണെന്ന ആവശ്യവും ചരക്ക് സേവന നികുതി വിഭാവനം ചെയ്യുന്ന പ്രാപ്യ സ്ഥാനതത്ത്വം ഭരണഘടനയിൽ തന്നെ ഉൾപ്പെടുത്തണമെന്നുള്ള ആവശ്യവും സംസ്ഥാനം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇത് പരിഹരിക്കാനും കൂടുതൽ വരുമാനം ലഭിക്കുവാനും എന്തെല്ലാം നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ ഉദ്ദേശിക്കുന്നത് ? | | |

സെക്ഷൻ ഓഫീസർ